'ഭരണഭാഷ - മാതൃഭാഷ'

# കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

## എംപ്ലോയീസ് വെൽഫെയർ ഫണ്ട്

ഫോൺ : 0471 2514492, 4527 , 4608
ഇ-മെയിൽ: pokseb@gmail.com

KSEB
കേരളത്തിന്റെ ഊർജ്ജം

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്,
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം – 695 004

==========================================================================

**No.PS6/WF/ECA/2015** തീയതി: 03.06.2015

## പരിപത്രം

(നോട്ടീസ് ബോർഡിലേയ്ക്കും പ്രസിദ്ധീകരണത്തിനും വേണ്ടി)

വിഷയം: വെൽഫയർ ഫണ്ടിൽ നിന്നും വിദ്യാഭ്യാസ അവാർഡ് നൽകുന്നത് – സംബന്ധിച്ച്.

സൂചന: എംപ്ലോയീസ് വെൽഫെയർ ഫണ്ട് ഗവേണിംഗ് ബോഡിയുടെ 30.04.2013-ലെ യോഗ തീരുമാനം.

മേൽ സൂചന പ്രകാരം വെൽഫയർ ഫണ്ടിലെ വ്യവസ്ഥകൾക്കനുസൃതമായി വെൽഫയർ ഫണ്ട് അംഗങ്ങളായ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മക്കളിൽ 2015–ലെ 10–)ം ക്ലാസ്, പ്ലസ് ടു (കേരള/സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ) പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും 90 ശതമാനമോ അതിലധികമോ കരസ്ഥമാക്കുകയും അതിനോടൊപ്പം എല്ലാ വിഷയങ്ങൾക്കും **A+ / A1** ഗ്രേഡ് ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും ക്യാഷ് അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

അർഹരായ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ ബന്ധപ്പെട്ട എ.ആർ.യു മേധാവി സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ, മാർക്ക് ലിസ്റ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെക്രട്ടറി, കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്, പേഴ്സണൽ ഡിപ്പാർട്ട്മെൻറ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം–4 എന്ന വിലാസത്തിൽ 25.06.2015–നോ അതിനു മുൻപോ ലഭ്യമാക്കേണ്ടതാണ്. എ.ആർ.യു മേധാവി സാക്ഷ്യപ്പെടുത്താത്ത അപേക്ഷകളും 25.06.2015–നു ശേഷം ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല. മുകളിൽ പറഞ്ഞിരിക്കുന്ന പരീക്ഷാ യോഗ്യതകൾ കരസ്ഥമാക്കാത്ത അപേക്ഷകൾ അയക്കേണ്ടതില്ല.

ഏ.ആർ.യു മേധാവി, അവരുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ ടി പരിപത്രത്തിൻെറ പകർപ്പ് പ്രദർശിപ്പിക്കുവാനും ജീവനക്കാരിലെല്ലാം ഈ വിവരം എത്തിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

സെക്രട്ടറി
കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്
എംപ്ലോയീസ് വെൽഫയർ ഫണ്ട്

ഉൾച്ചേർപ്പ് – അപേക്ഷാഫോറം